പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ. 2393

07-10-2016 ൽ മറുപടി
നൽകേണ്ടിയിരുന്നത്

## കാർഷിക യന്ത്രോപകരണങ്ങളുടെ വിതരണം

ചോദ്യം

ശ്രീ.എം. രാജഗോപാലൻ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| എ) മുൻ കാലങ്ങളിൽ കാർഷിക യന്ത്രോപകരണങ്ങൾ സർക്കാർ സ്ഥാപനമായ റെയ്ഡ്കോ, കെയ്കോ എന്നിവ വഴി കുറ്റമറ്റ രീതിയിൽ വിതരണം ചെയ്തുവന്നിരുന്ന നടപടി കഴിഞ്ഞ സർക്കാർ സ്വകാര്യ കുത്തകകൾക്ക് വേണ്ടി അട്ടിമറിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുൻകാലങ്ങളിലേതുപോലെ കാർഷിക യന്ത്രോപകരണങ്ങളുടെ വിതരണച്ചുമതല സർക്കാർ സ്ഥാപനങ്ങൾക്ക് തന്നെ നൽകാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | കാർഷിക യന്ത്രോപകരണങ്ങൾ കുറ്റമറ്റ രീതിയിൽ വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പും നാഷണൽ ഇൻഫർമാറ്റിക് സെന്ററും ചേർന്ന് രൂപീകരിച്ച സോഫ്റ്റ് വെയറിൽ ഗുണമേന്മയുള്ള കാർഷിക യന്ത്രങ്ങളുടെ പട്ടിക ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടികയിലുള്ള കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നത് അംഗീകൃത ഡീലറിൽ നിന്നാണ്. ഈ ലിസ്റ്റിൽ റെയ്ഡ്കോ, കെയ്കോ എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കർഷകർക്ക് ആവശ്യമുള്ള സാധനങ്ങൾ ഉചിതമായ നിരക്കിൽ അംഗീകൃത ഡീലറിൽ നിന്നോ റെയ്ഡ്കോ, കെയ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാവുന്നതാണ്. ഇതുമൂലം കർഷകർക്ക് ഇഷ്ടമുള്ള ബ്രാന്റ് അവർക്കിണങ്ങിയ നിരക്കിൽ വാങ്ങിക്കുന്നതിന് സാധിക്കുന്നതാണ്. എന്നാൽ സർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങൾ നിർമ്മിക്കുന്ന കാർഷികോപകരണങ്ങൾ വാങ്ങുന്നുവെന്ന് ഉറപ്പാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ